# PARENTS OF UNMARRIED DECEASED JAWANS EXEMPTED FROM PAYING HOUSE TAX

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്—വസ്തുനികുതി—യുദ്ധത്തിൽ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെ താമസത്തിനായുള്ള കെട്ടിടങ്ങളെ വസ്തുനികുതി (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്

സ. ഉ. (എം.എസ്.) നമ്പർ 176/2001/ത.സ്വ.ഭ.വ.   തീയതി, തിരുവനന്തപുരം, 2001 ജൂലായ് 11

---

പരാമർശം : (1) 1-1-2001-ലെ സ.ഉ. (എം.എസ്.) 1/2001/ത.സ്വ.ഭ.വ.

(2) ലഫ്. കേണൽ പി. കെ. പി. വി. പണിക്കർ (റിട്ടയേർഡ്) മണലിൽ ഹൗസ്, പന്നിയങ്കര, കല്ലായി, കോഴിക്കോട് സമർപ്പിച്ച 27-3-2001-ലെ അപേക്ഷ

## ഉത്തരവ്

യുദ്ധത്തിൽ പങ്കെടുത്ത് വീരചരമം പ്രാപിച്ചവരുടെ വിധവകളുടെയും സൈനികസേവനത്തിനിടയിൽ അംഗവൈകല്യം സംഭവിച്ചവരുടെയും യഥാർത്ഥതാമസത്തിനുമാത്രം ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം (പ്രോപ്പർട്ടി ടാക്സ്) നൽകുന്നതിൽ നിന്നും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവു പ്രകാരം ഒഴിവാക്കിയിരുന്നു. ടി ആനുകൂല്യം യുദ്ധത്തിൽ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കൾക്കുകൂടി ബാധകമാക്കണമെന്ന് റിട്ടയേർഡ് ലഫ്. കേണൽ പി. കെ. പി. വി. പണിക്കർ മുകളിൽ രണ്ടാമതായി വായിച്ച അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവിന്റെ ആനുകൂല്യം യുദ്ധത്തിൽ മരണമടഞ്ഞ അവിവാഹിതരായ സൈനികരുടെ മാതാപിതാക്കളുടെ സ്വന്തം പേരിലുള്ളതും, അവർ യഥാർത്ഥത്തിൽ താമസിക്കുന്നതുമായ വീടുകളെയും വസ്തുനികുതി നൽകുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. മരണമടഞ്ഞ സൈനികരുടെ മറ്റ് ഒരു ആശ്രിതർക്കോ ബന്ധുക്കൾക്കോ ഈ ആനുകൂല്യം നൽകുന്നതല്ല എന്നും കൂടി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എം. എസ്. നടരാജൻ,

ഡെപ്യൂട്ടി സെക്രട്ടറി